**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2784 | 14.12.2015 ലെ മറുപടിക്ക്

<u>നടുക്കോളനി എസ്.സി. ശ്മശാനത്തിന്റെ നവീകരണം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോസ് തെറ്റയിൽ എം.എൽ.എ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിലെ നടുക്കോളനി എസ്.സി. ശ്മശാനത്തിന്റെ നവീകരണത്തിന് കോർപ്പസ് ഫണ്ടിൽ നിന്നും 7.2.2014-ൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടും അതിന്റെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ നടുക്കോളനി ശ്മശാനത്തിന് 2014-15 സാമ്പത്തിക വർഷം 10 ലക്ഷം രൂപ അനുവദിച്ച നൽകിയിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പരിമിതമായതിനാലും സാങ്കേതികമായ ചില കാരണങ്ങളാലും നിർമ്മാണം ഏറ്റെടുക്കുവാൻ ആരും തയ്യാറാകാത്തതു കൊണ്ട് പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല. |
| (ബി) | ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ? | (ബി) | 03.12.2015-ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എസ്റ്റിമേറ്റ് ഭേദഗതി വരുത്തി ലഭ്യമാക്കുന്നതിന് തീരുമാനിച്ചു. അപ്രകാരം ഭേദഗതി വരുത്തിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ